ഏജൻസിയായ കിറ്റ്കോ (KITCO) 30-1-2014-ൽ ആർക്കിയോളജി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കൂടാതെ എത്രയും വേഗം പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ടൂറിസം വകുപ്പ് ആർക്കിയോളജി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. എത്രയുംവേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അനുമതി ലഭിച്ചാലുടനെ ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം പൂർത്തീകരണം

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, ഗുരുതരമായ ഒരു ആരോപണത്തെക്കുറിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കോതമംഗലത്ത് തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണത്തിൽ ഒരു ഓഫീസർ സർവ്വേ നമ്പർ തെറ്റായി രേഖപ്പെടുത്തിയതുകൊണ്ട് ഗവൺമെന്റിന് കോടികളുടെ നഷ്ടമാണ് വന്നിട്ടുള്ളത്. ഇക്കാര്യം ഞാൻ പല പ്രാവശ്യം പുണ്ടിക്കാണിക്കുകയും ഇവിടെ സബ്മിഷനായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ നമ്പർ മനഃപൂർവ്വം മാറ്റിയതുകൊണ്ട് ആ സ്ഥലം ഉടമയ്ക്ക് വലിയ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. സ്ഥലം ഉടമ ഹൈക്കോടതിയിൽ പോവുകയും അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. ഈ വർക്ക് എടുത്ത കോൺട്രാക്ടർ മാർക്കറ്റ് റേറ്റിനേക്കാൾ 25.39 ശതമാനം കുറച്ചാണ് വർക്ക് എടുത്തത്. സ്ഥലം ലഭിക്കാത്തതുകൊണ്ട് കോൺട്രാക്ടർ ആ വർക്ക് ഉപേക്ഷിച്ചു. 2008-ലെ ഷെഡ്യൂൾ പ്രകാരമാണ് ആ വർക്ക് നടത്തുന്നത്. ആ വർക്ക് റീ-ടെണ്ടർ ചെയ്യുമ്പോൾ പുതിയ ഷെഡ്യൂൾ അനുസരിച്ച് നിർമ്മാണച്ചെലവിൽ ആറ് കോടി രൂപയുടെയെങ്കിലും വ്യത്യാസം വരും. ഒരു ഉദ്യോഗസ്ഥൻ മനഃപൂർവ്വം വരുത്തിയ തെറ്റുകൊണ്ട് ഖജനാവിന് ഇത്രയും കോടി രൂപയുടെ നഷ്ടമാണ് വരുന്നത്. പല പ്രാവശ്യം ഇക്കാര്യം പുണ്ടിക്കാണിച്ചിട്ടും തിരുത്തിക്കൊടുക്കാൻ തയ്യാറാകാത്ത ആ ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ജനപ്രതിനിധി എന്ന നിലയിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മനഃപൂർവ്വം ഇതുപോലെയുള്ള തെറ്റുകൾ വരുത്തുന്ന ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്. അല്ലെങ്കിൽ നമ്മുടെ രാജ്യത്തിനുതന്നെ ആപത്താണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ഇക്കാര്യം കണക്കിലെടുത്ത് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം മുടങ്ങിക്കിടക്കുന്ന തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ വർക്ക് എത്രയുംവേഗം തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എറണാകുളം ജില്ലയിലെ തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിനുവേണ്ടി 3.2552 ഹെക്ടർ സ്ഥലം 2009-ൽ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്തതിനുശേഷം സർവ്വേ നമ്പരിൽ വന്ന പിശക് സംബന്ധിച്ച് ഭൂ ഉടമകളിൽ ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിക്കുകയുണ്ടായി. പിന്നീട് ഈ സ്റ്റേ ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ നീക്കം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസിലെ വിധിയിൽ, രേഖകൾ ഹാജരാക്കാൻ സാധിക്കുന്നപക്ഷം ടിയാന് നഷ്ടപരിഹാരം നൽകാനും അല്ലാത്ത പക്ഷം കോടതിയിൽ കെട്ടിവയ്ക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നമ്പർ 1032/1-ൽപ്പെട്ട 1.47 ആർ സ്ഥലത്തിന് നഷ്ടപരിഹാരം ടി കക്ഷിക്ക് നൽകുകയും രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത 7 ആർ സ്ഥലത്തിന്റെ നഷ്ടപരിഹാരം 21-2-2012-ൽ മൂവാറ്റുപുഴ സബ്കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കേസ് 10-11-2014-ൽ സബ് കോടതി തിരിച്ചയച്ചിട്ടുള്ളതാണ്. 2014-ൽ വീണ്ടും ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ജില്ലാ വികസന സമിതിയിൽ ഈ വിഷയം ഉന്നയിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലം വീണ്ടും സർവ്വേ നടത്താൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധിക്കുകയും വീണ്ടും റീ സർവ്വേ ചെയ്ത് പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സമയബന്ധിതമായി റിപ്പോർട്ട് നൽകാതെ കാലതാമസം ഉണ്ടാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണെന്ന് 17-6-2014-ൽ ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷന് മറുപടിയായി ഞാൻ ഈ സഭയിൽത്തന്നെ മറുപടി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ മനഃപൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഉദ്യോഗസ്ഥന്റെ വീഴ്ച മൂലം പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസം വന്നതിനാൽ ആറ് കോടിയോളം രൂപയുടെ നഷ്ടം ഗവൺമെന്റിന് സംഭവിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും ഈ കാര്യം ഗൗരവത്തോടുകൂടി കാണുന്നതാണ്. ഏതെങ്കിലും ഉദ്യോഗസ്ഥൻ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതാരാണെന്ന് കണ്ടെത്തുന്നതിന് പ്രത്യേകമായി ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly